ഉത്തരം

(എ) ആവശ്യമായ പോലീസ് പിക്കറ്റും മൊബൈൽ പട്രോളിംഗും സ്ഥലത്ത് ഏർപ്പെടുത്തിയിരുന്നു. കൂടുതൽ പോലീസ് സേനയെ പ്രസ്തുത ഭാഗങ്ങളിൽ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തിരുവാംപറമ്പിൽ തീവയ്പുണ്ടായി.

(സി) രജനി, മാണിക്യം, നാരായണ, രവി, മാതു, ചിരുത, ഹമീദ്, അബ്ദുള്ള, ബഷീർ, ഐശു, അഹമ്മദ്, നഫീസ എന്നിവരുടെ വീടുകൾ തീവച്ചു നശിപ്പിക്കപ്പെട്ടു.

(ഡി) 6 വീടുകൾ സിപിഎമ്മി-ന്റേയും 6 വീടുകൾ ഐയുഎംഎൽ കാരുടേയും.

(ഇ-ജി) വിവരം ശേഖരിച്ചുവരുന്നു.

നീതുവിന്റെ മരണം

136 (137) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരത്തിനടുത്ത് ആവോലത്ത് നാദാപുരം ചാലപ്പുറം-വണ്ണത്താൻ വീട്ടിൽ അശോകന്റെ മകൾ നീതു വീട്ടിലുണ്ടായ സ്ഫോടനത്തെ തുടർന്ന് മരിച്ചുവോ ;

(ബി) പുറത്തു നിന്നുള്ള ആളുകൾ ബോംബെറിഞ്ഞതുമൂലമാണ് കുട്ടി മരിച്ചതെന്ന് ആ കുട്ടിയുടെ ബന്ധുക്കൾ പറഞ്ഞുവോ ;

(സി) ബോംബ്പൊട്ടി മരിച്ചുവെന്ന് കുട്ടിയുടെ വീട്ടുകാർ ചൂണ്ടിക്കാട്ടിയ സ്ഥലത്ത് രക്തക്കറയോ മാംസാവശിഷ്ടമോ കാണപ്പെട്ടുവോ ;

(ഡി) ഈ കുട്ടി കൊല്ലപ്പെട്ട വീടിന്റെ അടുക്കളഭാഗത്ത് ചാണകം മെഴുകിയിരുന്നുവോ ; അവിടെ രക്തക്കറകാണപ്പെട്ടുവോ ; അവിടെ ബോംബ് പൊട്ടിയതിന്റെ അവശിഷ്ടം കാണപ്പെട്ടുവോ ;

(ഇ) ഈ കുട്ടിയുടെ മരണം സംബന്ധിച്ച് പോലീസിന്റെ നിഗമനം എന്താണ് ;

(എഫ്) ഈ കുട്ടിയുടെ മരണത്തിന് ഉത്തരവാദികൾ ആരാണ് ; അവരുടെമേൽ എന്തു നടപടി എടുത്തു ;

(ജി) ഒരു നടപടിയും എടുക്കാത്തപക്ഷം കാരണമെന്ത് ?

ഉത്തരം

(എ-ജി) ബോംബുപൊട്ടി നീതു എന്ന കുട്ടി മരണമടഞ്ഞ സംഭവമുണ്ടായിട്ടുണ്ട്. ഇത്തേടർന്ന് രജിസ്റ്റർ ചെയ്ത കേസ് ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരികയാണ്. കേസന്വേഷണവുമായി ബന്ധപ്പെട്ടകാര്യങ്ങളാകയാൽ മറ്റു വിശദാംശങ്ങൾ ഇപ്പോൾ വെളിപ്പെടുത്താനാവില്ല.

LIBRARY ARCHIVES Kerala Legislative Assembly